പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :3347

19.06.2019-ൽ
മറുപടിയ്ക്ക്

# സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം

*ചോദ്യം*
ശ്രീ.കെ.ജെ. മാക്സി

*ഉത്തരം*
ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ് പ്രവർത്തിക്കുന്നത്; | (എ) | സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത് നിലവിൽ 113 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) | ഇവയിലെല്ലാം കൂടി ആകെ എത്ര സീറ്റുകളാണുള്ളത്; ഇതിൽ സർക്കാർ സീറ്റുകളുടെ എണ്ണം എത്ര; | (ബി) | 2019-20 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ ബി.ടെക് സീറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. (see table below) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 50% സീറ്റുകൾ മെറിറ്റ് |

| നം. | മേഖല | സീറ്റുകൾ |
|---|---|---|
| 1 | സർക്കാർ കോളേജുകൾ (3330 Full time + 235 part time) | 3565 |
| 2 | സർക്കാർ എയ്ഡഡ് കോളേജുകൾ | 1770 |
| 3 | സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ | 6360 |
| 4 | സ്വകാര്യ സ്വാശ്രയ കോളേജുകൾ | 35808 |
| | ആകെ | 47503 |

<table>
<tr><td></td><td></td><td></td><td>അടിസ്ഥാനത്തിലുള്ളതും 50% മാനേജ്മെന്റ് സീറ്റുകളുമാണ്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത മേഖലയിൽ 2018-19 അധ്യയന വർഷത്തിൽ കുട്ടികളെ കിട്ടാതെ എത്ര സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു;</td><td>(സി) & (ഡി)</td><td>2018-19 അദ്ധ്യയന വർഷത്തിൽ ബി.ടെക് സീറ്റുകളിലെ ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>നം.</th><th>മേഖല</th><th>ഒഴിവുകൾ</th></tr>
<tr><td>1</td><td>സർക്കാർ കോളേജുകൾ</td><td>96</td></tr>
<tr><td>2</td><td>സർക്കാർ എയ്ഡഡ് കോളേജുകൾ</td><td>0</td></tr>
<tr><td>3</td><td>സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ</td><td>3104</td></tr>
<tr><td>4</td><td>സ്വകാര്യ സ്വാശ്രയ കോളേജുകൾ</td><td>21250</td></tr>
<tr><td></td><td>ആകെ</td><td>24450</td></tr>
</table></td></tr>
<tr><td>(ഡി)</td><td>പ്രസ്തുത മേഖലയിൽ 2018-19 അധ്യയന വർഷത്തിൽ എത്ര സർക്കാർ സീറ്റുകളാണ് ഒഴിഞ്ഞു കിടക്കുന്നത് എന്നും എത്ര സർക്കാർ സീറ്റുകളിൽ കുട്ടികൾ പ്രവേശനം നേടി എന്നും വ്യക്തമാക്കുമോ;</td><td></td><td>2018-19 അദ്ധ്യയന വർഷത്തിൽ അനുവദിക്കപ്പെട്ട 3465 (3230 Full time + 235 part time) സീറ്റുകളിൽ 3216 Full time സീറ്റിലും 153 part time സീറ്റിലും വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്. ആകെ 96 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു.</td></tr>
<tr><td>(ഇ)</td><td>ഇത്തരത്തിൽ 2018-19 അധ്യയനവർഷം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനം പൂർത്തിയായപ്പോൾ സർക്കാർ സീറ്റിൽ പോലും മതിയായ കുട്ടികളെ കിട്ടിയില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടുവോ;</td><td>(ഇ) & (എഫ്)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.ഐ.സി.ടി.യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വകലാശാല അഫിലിയേഷൻ നൽകുന്നതിന് മുൻപായി</td></tr>
</table>

| | | | |
|---|---|---|---|
| (എഫ്) | എങ്കിൽ ഇത്തരത്തിലുള്ള കോളേജുകളുടെ പഠനനിലവാരത്തിലുള്ള പോരായ്മയാണോ ഇപ്രകാരം കുട്ടികളെ കിട്ടാത്തതിന്റെ കാരണം; എങ്കിൽ ഇത് പരിഹരിക്കുവാൻ സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | കോളേജുകളിൽ വിദഗ്ദരെ ഉൾപ്പെടുത്തി കർശന പരിശോധന നടത്തി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താറുണ്ട്. കോളേജുകളിലെ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നതിനായി വർഷത്തിൽ രണ്ടു തവണ അക്കാദമിക് ഓഡിറ്റ് നടത്തിവരുന്നുണ്ട്. കൂടാതെ എ.ഐ.സി.ടി.യുടെ മാതൃക കരിക്കുലത്തെ അടിസ്ഥാനപ്പെടുത്തി 2019 ജൂൺ മുതൽ ബി.ടെക് പാഠ്യപദ്ധതിയിൽ കാതലായ മാറ്റങ്ങൾ വരുത്താൻ എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ പ്രായോഗിക പരിചയം നേടുന്നതിനും അവസരങ്ങൾ ഒരുക്കുന്നതിലും സർവ്വകലാശാല ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ